മന്നാനാദം

VOICE FROM THE SOUL

പെരുന്നാൾ പതിപ്പ്

MANNA PUBLICATIONS | AN OFFICIAL PUBLICATION OF MAR APREM YOUTH MOVEMENT | VOL 68 | FEBRUARY 2026



തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ

മാർ അപ്രേമിന്റെ നാമത്തിൽ സ്ഥാപിതമായ ഭാരതത്തിലെ പ്രഥമ ദൈവാലയം

തോട്ടയ്ക്കാട് : ലോകത്തിലെ എല്ലാ ക്രൈസ്തവ സഭകളും ശ്രേഷ്ഠ മൽപ്പാനായി ആദരിക്കുന്ന പരിശുദ്ധ റൂഹായുടെ കിന്നരം മാർ അപ്രേമിന്റെ നാമത്തിൽ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യ ദൈവാലയമായ തോട്ടയ്ക്കാട് മാർ അപ്രേം ദൈവാലയത്തിൽ ആ മഹാ പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാൾ 2026 ഫെബ്രുവരി 15 മുതൽ 22 വരെ ഭക്തി നിർഭരമായി ആചരിക്കപ്പെടുന്നു. ഫെബ്രുവരി 15 ന് രണ്ടാമത്തെ വിശുദ്ധ കുർബാനയ്ക്ക് ശേഷം പെരുന്നാൾ കൊടിയേറ്റ് നടത്തപ്പെടുകയും വൈകുന്നേരം സന്ധ്യാ നമസ്കാരത്തെ തുടർന്ന് ശുബ്ക്കോനോ ശുശ്രൂഷ ഉണ്ടായിരിക്കുന്നതുമാണ്.

ഫെബ്രുവരി 20 വെള്ളിയാഴ്ച്ച 6 മണിക്ക് സന്ധ്യാ നമസ്കാരത്തെ തുടർന്ന് റവ. ഫാ. പി.കെ. ഗീവർഗീസ് നിരണം വചന ശുശ്രൂഷ നിർവഹിക്കുന്നതാണ്. പ്രധാന പെരുന്നാൾ ദിവസമായ 21 ശനിയാഴ്ച്ച മലബാർ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മാർ പക്കോമിയോസ് തിരുമനസ്സ് കൊണ്ട് വി. കുർബാന അർപ്പിക്കുന്നതാണ് . പൗരസ്ത്യ സുറിയാനി സാഹിത്യത്തിലെ അഗാധ പണ്ഡിതനായ മാർ അപ്രേമിന്റെ ഓർമ്മപ്പെരുന്നാൾ ദിവസം കുട്ടികൾക്ക് വിദ്യാരംഭം കുറിയ്ക്കുന്ന ചടങ്ങ് വി. കുർബ്ബാനയെ തുടർന്ന് അഭി. തിരുമനസ്സ് കൊണ്ട് നിവഹിക്കുന്നതാണ്. മാർ അപ്രേമിന്റെ ഓർമ്മപ്പെരുന്നാളിന്റെ പ്രധാന ആകർഷണമായ പകൽ പ്രദക്ഷിണം തുടർന്ന് തോട്ടയ്ക്കാട് ആശുപത്രി കവലയിലെ കുരിശടിയിലേയ്ക്ക് നടത്തപ്പെടുന്നതാണ്. അനുഗ്രഹദായകമായ വെച്ചൂട്ടും കുട്ടികൾക്കുള്ള ആദ്യ ചോറൂട്ടും പ്രദക്ഷിണത്തെ തുടർന്ന് നടത്തപ്പെടുന്നു. 22 ാം തീയതി ഞായറാഴ്ച വി. കുർബ്ബാനയെ തുടർന്ന് കൊടിയിറക്കുന്നതോടുകൂടി പെരുന്നാളിന് സമാപനം കുറിയ്ക്കപ്പെടും

മാർ അപ്രേമിന്റെ ഗീതങ്ങളോ പ്രാർത്ഥനകളോ ചൊല്ലാത്ത ഒരു ദിവസം പോലും ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഉണ്ടാവില്ല. അത്രയധികം സംഭാവനകളാണ് പൗരസ്ത്യ ക്രൈസ്തവ സമൂഹത്തിന് അദ്ദേഹം സമ്മാനിച്ചത്. ആ മഹാ പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിതമായ ഭാരതത്തിലെ പ്രഥമ ദൈവാലയമായ തോട്ടയ്ക്കാട് മാർ അപ്രേം ദൈവാലയത്തിൽ ആ മഹാ പരിശുദ്ധന്റെ ഓർമ്മ പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നതിന് ഏവരേയും കർത്തൃ നാമത്തിൽ സ്വാഗതം ചെയ്തുകൊള്ളുന്നു.

എഡിറ്റോറിയൽ

ശരീരവും മനസ്സും ശുദ്ധികരിച്ച് കാൽവറി പാതയിലൂടെ ഉയർപ്പിലേയ്ക്കുള്ള യാത്രയായ വലിയ നോമ്പിന്റെ ആരംഭം കുറിക്കുന്ന സന്ദർഭമാണല്ലോ ഇത് . യേശു ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയിലെ സംഭവങ്ങളുടെ ഓർമപ്പെടുത്തലുകൾ നമ്മുടെ മനസ്സുകളിൽ മാനസാന്തരത്തിന്റെ അനുഭവങ്ങൾ നിറയ്ക്കട്ടെ. നാൽപ്പതു ദിവസം ഉപവസിച്ച് സാത്താനെ ജയിച്ച് പരസ്യശുശ്രൂഷകളിൽ കൂടി ജനങ്ങളോടൊപ്പം ജീവിച്ച് കാൽവറിയിലേയ്ക്ക് ക്രൂശെടുത്ത് നടന്ന് നമുക്കായി യാഗമായി തീർന്ന ദൈവ പുത്രന്റെ ബലിയിലും ഉയിർത്തെഴുന്നേല്പിലും പങ്കാളികൾ ആകാൻ നമുക്കേവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു .

പൗരസ്ത്യ ക്രൈസ്തവ സമൂഹത്തിന് വിലമതിക്കാനാവാത്ത നിസ്തുല സംഭാവനകൾ തന്റെ രചനകളിൽ കൂടി നൽകിയ ശ്രേഷ്ഠ മൽപ്പാനായ മാർ അപ്രേമിന്റെ ഓർമ്മപ്പെരുന്നാൾ സമാഗതമായിരിക്കുന്നു. സുറിയാനി അദ്ധ്യാത്മിക, വേദശാസ്ത്ര , ആരാധനാ പാരമ്പര്യങ്ങളിൽ മാർ അപ്രേമിന് തുല്ല്യനായി മറ്റാരുമില്ല . ദൈവിക സംഗീതം മണ്ണിന് നല്കുവാൻ സ്വർഗ്ഗീയ ദൂതരാൻ തെരഞ്ഞെടുക്കപ്പെട്ടവനായ മാർ അപ്രേമിന്റെ ഓർമ്മപ്പെരുന്നാൾ നമുക്കേവർക്കും അനുഗ്രഹദായകമാകട്ടെ.

ഒരു പ്രവർത്തന വർഷത്തിന്റെ അവസാനത്തിലേയ്ക്ക് നാം കടന്നിരിക്കുന്നു. മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ കർമ്മനിരതമായ ഒരു വർഷം കൂടി കടന്നു പോകുന്നു. ഈ പ്രസ്ഥാനത്തിന് താങ്ങും തണലുമേകിയ ഏവരോടുമുള്ള നന്ദി സമർപ്പിക്കട്ടെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരോടും പ്രിയപ്പെട്ട യുവ സുഹൃത്തുകളോടുമുള്ള, ആത്മനാ ദത്തിന്റെ അഭിനന്ദനങ്ങളും സമർപ്പിക്കുന്നു.

ഈ വർഷവും നാല് ലക്കങ്ങളിലൂടെ നിങ്ങളുമായി സംവദിക്കുന്നതിന് ആത്മനാദത്തിന് സാധിച്ചതിലുള്ള നന്ദി സർവ്വശക്തന്റെ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു. ഈ ലഘു സംരംഭത്തെ പ്രോത്സാഹനങ്ങൾ നൽകി ഊർജ്ജം പകർന്നവരോടും നിർദ്ദേശങ്ങളും വിമർശനങ്ങളും നൽകി വഴികാട്ടിയവരോടും പ്രിയപ്പെട്ട എല്ലാ വായനക്കാരോടുമുള്ള ഹൃദയപ്പൂർവ്വമായ നന്ദി സമർപ്പിച്ച് കൊണ്ട് തുടർന്നും ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ച് കൊണ്ടും

സ്നേഹപൂർവ്വം
നിങ്ങളുടെ ചീഫ് എഡിറ്റർ.

എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി
ഫാ. ഫിലിപ്പോസ്. കെ.സി, കരുനാട്ട്
എഡിറ്റോറിയൽ ഡയറക്ടർ
ഫാ. മാത്യു കുരുവിള, തറവട്ടത്തിൽ
ചീഫ് എഡിറ്റർ
അഘോഷ്. എൻ. മാത്യു, നീലംപടവത്ത്
സബ് എഡിറ്റേഴ്സ്
ഹന്ന എൽസ സുജിത്ത്, ചാലുംതലയ്ക്കൽ
അക്സ അനിൽ ചിറത്തലയ്ക്കൽ
സോണി വർഗീസ്, വലിയമണ്ണിൽ
ബിന്റോ ബിജു, കളപ്പുരയ്ക്കൽ
ഐവിൻ മാത്യു, കരിമ്പിൽകടുപ്പിൽ
അഡ്വൈസർ
സുജിത്ത് ഫിലിപ്പ്, ചാലുംതലയ്ക്കൽ
ലേയൗട്ട് : ഐവിൻ മാണി, ചേലമറ്റം

മാർ അപ്രേമിന്റെ മെമ്മറകൾ അനുതാപത്തിന്റെ വാതിൽ

ഫാ. കെ. സി. ഫിലിപ്പോസ്, വികാരി

പൗരസ്ത്യ സുറിയാനി ക്രൈസ്തവ സമൂഹത്തിന് നിസ്തുല സംഭാവനകൾ നൽകിയ ശ്രേഷ്ഠ മൽപ്പാനാണ് പരിശുദ്ധ അപ്രേം. വേദശാസ്ത്രവും ആരാധന പാരമ്പര്യങ്ങളും ആധ്യാത്മികതയും ഒരു പോലെ സമുന്നയിപ്പിച്ച് സത്യവിശ്വാസത്തെ ഗാനരൂപത്തിൽ രചിച്ച് വിശ്വാസികളുടെ ഹൃദയങ്ങളിൽ എന്നും ജീവിക്കുന്ന വിശുദ്ധൻ. വലിയ നോമ്പിലെ ആദ്യ ശനിയാഴ്ച പരിശുദ്ധ അപ്രേം പിതാവിന്റെ ഓർമ്മ സഭ ആചരിക്കുന്നു . അന്നേദിവസം പ. മാർ അപ്രേം പിതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ നമ്മുടെ ഇടവക അനുഗ്രഹത്തിനായി പെരുന്നാൾ ആചരിക്കുകയാണ്. ഈ പെരുന്നാൾ ഇടവകക്കും ദേശത്തിനും അനുഗ്രഹത്തിന് പ്രതി ഭവിക്കട്ടെ.

മാർ അപ്രേമിന് ദൈവത്തിൽ നിന്ന് വരദാനമായി അത്ഭുതകരമായ പരിജ്ഞാനം ലഭിച്ചിരുന്നു. പിതാവ് എഴുതിയ ഗാനങ്ങളിലൂടെ അത് മനസ്സിലാക്കുവാൻ നമുക്ക് ഏവർക്കും സാധിക്കും. മെമ്മറകൾ ശ്രദ്ധിച്ച് ഉരുവിടുന്നവർ, ആത്മാവിൽ അനുതാപത്തിന്റെ മഞ്ഞുപെയ്യിച്ച് അധരങ്ങളിൽ നിന്ന് കണ്ണുനീരിന്റെ നദി ഒഴുക്കുന്നു. വെല്ലുവിളികൾ ധാരാളം ഉള്ള ഈ കാലഘട്ടത്തിൽ മാറ്റപ്പെടാത്ത വിശ്വാസത്തെ പകർന്നു കൊടുക്കുവാൻ പരിശുദ്ധ പിതാവിന്റെ ഗീതങ്ങളിലൂടെ സാധ്യമാകുന്നു. ക്രിസ്തുവിനെ അന്വേഷിക്കുന്നവരുടെ ഹൃദയങ്ങളിലേക്ക് യഥാർത്ഥമായ ആത്മീയ അനുഭൂതി പകർന്നു കൊടുക്കുവാൻ പരിശുദ്ധ പിതാവിന്റെ ഗീതങ്ങളിലൂടെ സാധ്യമാകുന്നു. വലിയ നോമ്പിലേക്ക് പ്രവേശിക്കുന്ന ഈ സമയം പരിശുദ്ധ പിതാവിന്റെ ഓർമ്മ പെരുന്നാൾ നമുക്ക് അനുതാപത്തിന്റെ സ്പന്ദനങ്ങൾ ഹൃദയത്തിൽ ജനിപ്പിച്ച് അതിലൂടെ ക്രിസ്തു വിനെ കാണുവാൻ സാധ്യമാകട്ടെ. എല്ലാവർക്കും പെരുന്നാൾ ആശംസകൾ...

വിശുദ്ധിയുടെ 50 ദിനങ്ങൾ

ഫാ. മാത്യു കുരുവിള, തറവട്ടത്തിൽ, സഹ വികാരി

നാം എല്ലാവരും ഭക്തിയോടും വിശുദ്ധിയോടും പ്രാർത്ഥനാപൂർവ്വം വലിയ നോമ്പിലേയ്ക്ക് പ്രവേശിക്കുക ആണല്ലോ. നോമ്പ് എന്ന പദത്തിന്റെ സുറിയാനി 'സൗമോ' എന്നാണ്. സൗമോ എന്നാൽ to fast, ഭക്ഷിക്കാതിരിക്കുക, ഉപവസിക്കുക എന്നൊക്കെയാണ് അർത്ഥം . വിശുദ്ധ വചനത്തിൽ ഈ പദം ആദ്യമായി കാണുന്നത് ഉൽപ്പത്തി 2:17 ലാണ് ' നന്മ തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നീ തിന്നരുത് '. ഇത് ദൈവം കൽപ്പിച്ച നോമ്പാണ്. തുടർന്ന് പഴയ നിയമത്തിലും , പുതിയ നിയമത്തിലും നോമ്പ് എടുത്തവരെ കുറിച്ച് പറയുന്നുണ്ട് , മോശ , ഏലിയാവ്, ദാനി യേൽ ഇങ്ങനെ ഒരുപാട് പേരുടെ നോമ്പിനെപ്പറ്റി വിശുദ്ധ വചനം നമ്മോട് സംസാരിക്കുന്നു. ' വിശുദ്ധനായ വലിയ മാർ ബസേലിയോസ് പറയുന്നു. ' നമ്മൾ ഉപവസിക്കാത്തതു കൊണ്ട് പറുദീസായിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ടു ഒരിക്കൽ വീണ്ടും അതിൽ പ്രവേശിക്കാനായി ഇപ്പോൾ നമുക്ക് ഉപവസിക്കാം' ആയതിനാൽ വിശുദ്ധിയോടും പ്രാർത്ഥനയോടും നമ്മുക്ക് നോമ്പിലേയ്ക്ക് പ്രവേശിക്കാം. പരിശുദ്ധ നോമ്പേ സമാധാനത്താലെ വരിക, അതുപോലെ നമ്മുടെ ഇടവകയുടെ കാവൽ മദ്ധ്യസ്ഥനായ മാർ അപ്രേമിന്റെ പെരുന്നാളിലേക്കും നാം അടുത്തു വരുന്നു. ഈ പെരുന്നാൾ വഴി നമ്മുക്കും നമ്മുടെ ദേശത്തിനും, കുടുംബത്തിനും എല്ലാ അനുഗ്രഹങ്ങൾ ലഭിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഉപകാരസ്മരണ



ഒരു വിശ്വാസി

ഉപകാരസ്മരണ



ഒരു വിശ്വാസി

വിവാഹ മംഗളാശംസകൾ...

Akhila Ann Kuruvilla
D/o Mr. Jeevaraj Kuruvilla Thomas &
Mrs. Sheena Susan Kuruvilla
Chelamattam, Thottakad, Kottayam

Kurien Raju
S/o Mr. Raju T.K &
Mrs. Jessy M Mathew
Elavinamannil, Tholuparampil
Manjinikkara, Pathanamthitta

മാർ അപ്രേം – വിജ്ഞാന നദി

മാർ അപ്രേമിന്റെ കൃതികൾ ദൈവസ്തുതിയായി സമർപ്പിക്കുമ്പോൾ അവയുടെ ഘടനയെ കുറിച്ച് നാമാരും അത്ര ചിന്തിക്കാറില്ല. അൽപം സമയമെടുത്ത് നിരീക്ഷിച്ചാൽ ആ സ്തുതി കീർത്തനങ്ങൾ എല്ലാം കൃത്യമായ പ്രാസപ്രകാരം വാക്കുകൾ വിന്യസിപ്പിച്ച് രൂപപ്പെടുത്തിയിട്ടുള്ളതാണ് എന്ന് കാണാം, ഏഴ് സ്വരങ്ങളും, സഭയുടെ ആരാധനയുടെ എട്ട് നിറങ്ങളും കൃത്യമായി സംയോജിപ്പിച്ചവയുമാണ് എന്നും മനസ്സിലാക്കാം. 18 നൂറ്റാണ്ടുകൾക്ക് മുൻപേ തമ്പുരാൻ ആ സംരംഭത്തിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കയും മാർ അപ്രേമിനെ അതിന്റെ കാര്യവിചാരകൻ ആക്കി എന്നതും ആ കാവ്യഭംഗി നിറഞ്ഞ കൃതികൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ കരുതൽ എത്രയോ വലുതെന്നും!

ദൈവമെന്ന അനിർവചനീയ, അവർണ്ണനീയ-ഉൺമയുടെ സ്രോതസ്സിനെ വാഴ്ത്തിപ്പാടാൻ നിയോഗിക്കപ്പെട്ട, ഏകാന്തതയിലും, കാലങ്ങളോളവും സഭയുടെ മക്കൾക്കായി ദൈവത്തെ സ്തുതിച്ച് പാടിയ വാനമ്പാടി ആയിരുന്നു മാർ അപ്രേം. പഴക്കമുള്ള കല്ലിന്റെ ഉള്ളിൽ നിന്ന് ലഭിക്കുന്ന കന്മദമോ, അല്പം ഉണങ്ങിയ തേങ്ങയിൽ നിന്ന് കിട്ടുന്ന മധുരമുള്ള പൊങ്ങ് പോലെയോ ആണ് മാർ അപ്രേമിന്റെ തൂലികയിൽ നിന്ന് ജന്മം കൊണ്ട്, നമ്മുടെ മനസ്സുകളിൽ സ്ഥാനം പിടിച്ച ശ്രേഷ്ഠമായ ഗീതങ്ങളും കവിതകളും. അർത്ഥമറിയാതെ ആരാധനാ ഗീതങ്ങൾ ഏറ്റുപാടുന്ന നാം മനസ്സിലാക്കേണ്ടതാണ് കല്ലായ മനസ്സുകളെ പോലും ആർദ്രമാക്കുന്ന അർത്ഥപൂർണ്ണമായ വരികളാൽ സമ്പുഷ്ടമാണ് അവ എന്ന സത്യം. പിതാക്കന്മാരുടെ അദ്ധ്വാനത്തിന്റെ ഗുണഭോക്താക്കളായി, അവരുടെ ദർശനങ്ങളെ ഉൾക്കൊള്ളും വിധം മുന്നോട്ട് നീങ്ങുവാൻ നമുക്ക് സന്നദ്ധരാകാം.

മാർ അപ്രേമിന്റെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാ ണ്: Tree of Life (ധജീവവൃക്ഷം), Paradise (പറുദീസ), Harp of the Spirit (ആത്മാവിന്റെ കിന്നരം), Against Heresies (വേദവിപരീതങ്ങൾക്ക് എതിരേ). കൂടാതെ 400-ലധികം സ്തുതിഗീതങ്ങളും മാർ അപ്രേമിന്റേതായുണ്ട്. സങ്കീർത്തനങ്ങൾക്ക് സമാനമായോ സമാന്തരമായോ അർത്ഥവത്തായ 150 അനുതാപകീർത്തനങ്ങളും മാർ അപ്രേമിന്റേതായി ലഭ്യമാണ്. മാർ അപ്രേമിന്റെ മെമ്രാകൾ, ബോവൂസാകൾ, എന്നിവകളുടെ പ്രത്യേകത അവയിൽ മിക്കതും നമുക്ക് സുപരിചിതവും, നമ്മുടെ ദൈനംദിനപ്രാർത്ഥനകളിൽ ഉൾപ്പെടുന്നവയും ആണെന്നതും ആണ്.

'സഭയുടെ ഭിത്തിയെ ബലവത്താക്കുക ശിലമേൽ നിർത്തി' എന്ന് മലങ്കരയുടെ മാർ അപ്രേം എന്ന വിശേഷണത്തിന് പാത്രീഭവിച്ച വന്ദ്യ സി പി ചാണ്ടി സർ കുറെ വർഷങ്ങൾക്ക് മുൻപ് എഴുതിയപ്പോൾ അത് അർത്ഥവത്തായി പ്രവർത്തിപഥത്തിൽ വരുത്തിയ മാർ അപ്രേമിനെ പോലെ പലരുടെയും ജീവിതങ്ങൾ ഉദാഹരണങ്ങളായി മനസ്സിലേക്ക് കടന്നുവന്നിരിക്കും എന്നുറപ്പിക്കാം. സമാനതകളില്ലാത്ത ആത്മീയസപര്യയും, സമർപ്പണവും, രചനകളും കൊണ്ട് സഭയുടെ ഭിത്തിയ്ക്ക് വേറിട്ട ശക്തിയും തിളക്കവും നിറവൈവിധ്യവും നൽകിയ മാർ അപ്രേം എന്ന വിശുദ്ധന്റെ മദ്ധ്യസ്ഥത സഭയ്ക്കും സമൂഹത്തിനും ദീപസ്തംഭങ്ങളായി നിലനിൽക്കട്ടെ.

മാർ അപ്രേം– ഭൂമിയിലെ മാലാഖ

സുജിത്ത് ഫിലിപ്, ചാലുംതലയ്ക്കൽ

ശ്രേഷ്ഠമൽപ്പാൻ:- ലോകത്തിലെ എല്ലാ ക്രൈസ്തവ സഭകളും ശ്രേഷ്ഠ മൽപ്പാനായി ആദരിക്കുന്ന പരിശുദ്ധ പിതാവാണ് മാർ അപ്രേം. പൗരസ്ത്യ വേദശാസ്ത്ര ദർശനങ്ങൾ മാത്രമല്ല മാർ അപ്രേം തന്റെ രചനകളിലൂടെ വെളിവാക്കിയത്. മറിച്ച് ദുർഗ്രഹങ്ങളായ വിശ്വാസസത്യങ്ങൾ ലളിതമായ ഭാഷയിലൂടെ സാധാരണക്കാർക്ക് പോലും മനസ്സിലാകുന്ന വിധത്തിൽ കാവ്യഭാഷയിൽ വിശ്വാസ ഹൃദയങ്ങളിലേക്ക് കടത്തി വിടുകയായിരുന്നു അദ്ദേഹം ചെയ്തത്. മാർ അപ്രേമിന്റെ കൃതികളിൽ അധികവും ഗാനരൂപങ്ങളിലുള്ളവയാണ്. എന്നാൽ നിരവധി പ്രാർത്ഥനകളും അപേക്ഷകളുമൊക്കെ മാർ അപ്രേമിന്റെ നാമത്തിൽ ഉണ്ട്. വിസ്തരിക്കാനാവാത്ത വിധത്തിലുള്ള സാഹിത്യ സംഭാവനകൾകൊണ്ടാണ് ലോകത്തിലെ എല്ലാ ക്രൈസ്തവ സഭകളും ശ്രേഷ്ഠ മൽപ്പാനായി അദ്ദേഹത്തെ ആദരിക്കുന്നത്.

ഉത്തമ സന്യാസി:- സന്ധ്യക്ക് മുൻപായി മരിക്കുമെന്ന് പ്രഭാതത്തിൽ നിരൂപിച്ചുകൊണ്ടും പ്രഭാതം വരെ ജീവിച്ചിരിക്കില്ലെന്ന് സന്ധ്യാസമയത്ത് വിചാരിച്ചുകൊണ്ടും ഞാൻ പ്രാർത്ഥനയിൽ നിലയുറപ്പിച്ചുകൊണ്ട് ശോഭയോടെ ശുശ്രൂഷ അനുഷ്ഠിച്ചു എന്ന് മാർ അപ്രേം തന്നെക്കുറിച്ച് തന്നെ പറയുന്നു. ഇങ്ങനെ കഠിനമായ സന്യാസനുഷ്ഠാനങ്ങളിലൂടെ കടന്നുപോയ താപസൻ, മരുഭൂവിൽ ഏകാന്തവാസിയായിരിക്കുന്നതിന് ആഗ്രഹിക്കുകയും ഗുഹകളിൽ താമസിക്കുകയും ചെയ്തുപോന്നു.

നിഷ്ഠയുള്ള ദയറായക്കാരൻ:- നിസിബിസിലെ മാർ യാക്കോബിന്റെ ശിഷ്യനായി ദയറായക്കാരനായിട്ടാണ് മാർ അപ്രേമിന്റെ സന്യാസ ജീവിതത്തിന്റെ ആരംഭം. ഗുരുവിനെ പിൻപറ്റുന്ന അനുസരണമുള്ള ഒരു ഉത്തമ ദയറായക്കാരനെ മാർ അപ്രേമിൽ നമുക്ക് ദർശിക്കാവുന്നതാണ്.

മികച്ച അധ്യാപകൻ:- മാർ അപ്രേമിന്റെ അസാധാരണമായ ബുദ്ധി സാമർത്ഥ്യവും സുകൃതനിറവും മനസ്സിലാക്കിയ മാർ യാക്കോബ് താൻ തന്നെ സ്ഥാപിച്ച് നടത്തിയിരുന്ന നിസിബിയൻ സ്കൂളിലേക്ക് അവനെ അയച്ചു. അവിടെ അവൻ പഠനത്തിൽ അതിവേഗം പുരോഗമിക്കുകയും അചിരേണ അതിപ്രഗത്ഭനായ അധ്യാപകരിലൊരാളായി ഉയരുകയും ചെയ്തു.

കർമ്മനിരതനായ സന്യാസി:- മാർ അപ്രേം ഏകാന്തവാസം ഇഷ്ടപ്പെട്ടിരുന്നെങ്കിലും വിശ്വാസികളുടെ ആദ്ധ്യാത്മിക ജീവിതത്തിലും ഭൗതികോൽക്കർഷത്തിലും പ്രതിബദ്ധതയു ണ്ടാകുമ്പോൾ കർമ്മനിരതനായി രംഗത്തിറങ്ങുമായിരുന്നു. വിശുദ്ധന്റെ സാന്നിധ്യവും പ്രോത്സാഹനവും ഏത് പ്രതിസന്ധിയെയും ചെറുത്ത് വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാൻ വിശ്വാസികൾക്ക് ശക്തി നൽകിയിരുന്നു.

മികച്ച വാഗ്മി:- നന്നേ ചെറുപ്പത്തിൽ തന്നെ ഗുരുനാഥനായ മാർ യാക്കോബിന്റെ നിർദ്ദേശാനുസരണം നിഖ്യാ സുന്നഹദോസിൽ പങ്കെടുക്കുകയും മാർ അത്താനാസ്യോസിനോടൊപ്പം ചേർന്ന് അറിയോസിന്റെ വേദവിപരീതത്തിനെതിരെ ശക്തിയുക്തം പോരാടുകയും ചെയ്ത വാഗ്മിയായിരുന്നു മാർ അപ്രേം. മൗനം കാംക്ഷിച്ചിരുന്നെങ്കിലും വേദവിപരീതങ്ങൾക്കെതിരെ ശോഭയുള്ള നാവായിരുന്നു മാർ അപ്രേം.

സാമൂഹിക സേവകൻ:- എഡേസയിലുണ്ടായ അത്യുഗ്രമായ ക്ഷാമവും തുടർന്നുവന്ന രോഗബാധകളും ഏകാന്തതയിൽ കഴിയുവാൻ അദ്ദേഹത്തെ അനുവദിച്ചില്ല. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി അപ്രേം രംഗത്തിറങ്ങി. ആവശ്യത്തിലധികം ധാന്യങ്ങൾ സൂക്ഷിച്ചുവച്ചിരുന്ന ധനികരുടെ അറകൾ അദ്ദേഹം തുറപ്പിച്ചു. രോഗികളെ ശുശ്രൂഷാ സ്ഥലങ്ങളിൽ എത്തിക്കുവാനും മരിക്കുന്നവരെ ശവസംസ്കാര കേന്ദ്രങ്ങളിൽ കൊണ്ടുപോകുന്നതിനുമായി മുന്നൂറോളം മഞ്ചലുകൾ ഉണ്ടാക്കിക്കുകയും ഈ പ്രവർത്തനങ്ങൾ സമീപ ദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്ത സാമൂഹിക സേവകൻ ആയിരുന്നു വിശുദ്ധ അപ്രേം.

വേദശാസ്ത്ര വ്യാഖ്യാതാവ്:- മാർ അപ്രേമിന്റെ ഏറ്റവും വലിയ സംഭാവന അദ്ദേഹം നൽകിയ വേദശാസ്ത്ര വ്യാഖ്യാനങ്ങളായിരുന്നു. വിശുദ്ധ ത്രിത്വം, പരിശുദ്ധ കന്യകമറിയം തുടങ്ങിയവ ലളിതമായ ഉദാഹരണങ്ങളിൽ കൂടി വെളിപ്പെടുത്തിക്കൊടുക്കുവാൻ മാർ അപ്രേമിന് സാധിച്ചു. ത്രിത്വത്തെ പരാമർശിക്കുമ്പോൾ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും എന്ന് തുല്യപ്രാധാന്യത്തോടെ പറയണമെന്ന് അദ്ദേഹം പഠിപ്പിച്ചു. ഇങ്ങനെ സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം ഹൃദയങ്ങളിലേക്ക് പകർന്നു നൽകിയ പരിശുദ്ധനാണ് മാർ അപ്രേം.

വേദവിപരീതങ്ങൾക്കെതിരെ പോരാടിയ പരിശുദ്ധൻ:- അക്കാലത്ത് പ്രചാരത്തിൽ വന്ന പാഷണ്ഡതകൾക്കെതിരെ ശക്തിയുക്തം പോരാടിയ പിതാവായിരുന്നു മാർ അപ്രേം. സത്യവിശ്വാസം ഹൃദയങ്ങളിലേക്ക് കടന്നുചെല്ലുന്നതിന് വേണ്ടി അവയെ ലളിതങ്ങളായ ഗാനരൂപത്തിലാക്കി വിശ്വാസികൾക്കിടയിൽ ചൊല്ലി നടക്കും. അവരെക്കൊണ്ട് ഹൃദിസ്ഥമാക്കിക്കുകയും ചെയ്യുന്നതിന് അപ്രേമിന് സാധിച്ചു. കുടുംബങ്ങളിലേക്ക് വിശ്വാസ സത്യങ്ങൾ കടന്നു ചെല്ലുന്നതിനായി സ്ത്രീകളുടെ ഗായക സംഘങ്ങൾക്ക് അദ്ദേഹം രൂപം നൽകുകയും അവരെ പരിശീലിപ്പിക്കുകയും ചെയ്തു.

ജനങ്ങൾക്കിടയിലൂടെ പാടി നടന്ന മികച്ച ഗായകനായിരുന്നു മാർ അപ്രേം. ഉയർന്ന പൗരോഹിത്യ പദവികൾ സ്വയം ത്യജിച്ച് ഒരു ശെമ്മാശനായി ജീവിതാന്ത്യം വരെ കഴിച്ചുകൂടിയ വിനയാന്വിതനായിരുന്നു അദ്ദേഹം. ഇങ്ങനെ വിശേഷണങ്ങൾ കൊണ്ട് വർണ്ണിച്ചു തീർക്കാനാവാത്തത്ര സംഭാവനകൾ നൽകിയ അതുല്യ വ്യക്തിത്വമാണ് മാർ അപ്രേം.

LIVE TELECAST BY
MANNA MEDIA WING
on 21.02.2026

മാർ അപ്രേം – വിശ്വാസമാകുന്ന പരിച പിടിച്ചവൻ



ദൈവമെന്ന മഹാസംഗീതജ്ഞന്റെ മാന്ത്രിക വീണയിലെ തന്ത്രികളായിരിക്കുക എന്നതും ആ ദിവ്യപാണികളാൽ മീട്ടപ്പെടുക എന്നതും സൃഷ്ടിയായ മനുഷ്യന്റെ നിയോഗമാകുന്നു. തന്നിലൂടെ, തന്റെ സൃഷ്ടാവും പിതാവും ആയ ദൈവത്തിന്റെ സാന്ത്വനസ്പർശമായി അവന്റെ സഹസൃഷ്ടികൾക്കായി മധുരസംഗീതം പൊഴിക്കുക എന്നത് അവന്റെ കർത്തവ്യവുമാണ്. അതിൽ നിന്ന് സ്വേച്ഛപ്രകാരം എന്ന് അവൻ വ്യതിചലിച്ച് സഞ്ചരിക്കുന്നുവോ അന്ന് അവന്റെ പ്രശ്നങ്ങൾ ആരംഭിക്കുന്നു. തമ്പുരാന്റെ വിധിനിർണ്ണയത്തിനായി സ്വയസമർപ്പിതനായി, ഏറെക്കുറെ പൂർണ്ണമായോ മികച്ച രീതിയിലോ ദൈവത്തിന്റെ മധുരസംഗീതം തന്നിലൂടെ ലോകത്തെ ശ്രവിപ്പിച്ച ഒരു വിശുദ്ധ വ്യക്തിത്വമാണ് മാർ അപ്രേം. സഭാസേവനപാതയിൽ മാർ അപ്രേം പദവി കൊണ്ട് ശെമ്മാശൻ ആയിരുന്നു. എന്നാൽ കർമ്മശ്രേഷ്ഠതയാൽ അദ്ദേഹം മെത്രാൻ സ്ഥാനികൾക്ക് ആരാധനാപരിജ്ഞാനവും പരിശീലനവും പ്രദാനം ചെയ്യുവാൻ യോഗ്യനും കഴിവുറ്റവനുമായ ശ്രേഷ്ഠ മല്പാനും സ്തുതിഗീതങ്ങളുടെ രചയിതാവ് എന്ന നിലയിൽ അദ്വിതീയനും ആയിരുന്നു.

നാലാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ (AD 306-ൽ) ആധുനികകാല-ടർക്കിയിലെ നിസിബിസിൽ ജനിച്ച അപ്രേം, വെല്ലുവിളികൾ നിറഞ്ഞ ചെറുപ്പകാലം, അനുഭവങ്ങളിലൂടെ ദൈവസ്പർശനം, കർമ്മങ്ങളിലൂടെ ആത്മീയപ്രചോദനം എന്നിങ്ങനെ സമ്മിശ്രമായ അനുഭവങ്ങൾ വഴി ദൈവത്തോട് ചേർന്ന് നടന്ന ഒരു വ്യക്തിത്വം എന്നാണ് ചരിത്രരേഖകൾ പറയുന്നത്. നിസിബിസിൽ ജനിച്ചുവീണ ചുറ്റുപാടിലെ വൈരുദ്ധ്യങ്ങളുടെ മദ്ധ്യേ നിന്ന്, സാത്താന്റെ തീവ്രമായ പരീക്ഷണങ്ങളെയുൾപ്പെടെ അതിജീവിച്ച്, ക്രിസ്തുവികൽ അടിയുറച്ച വിശ്വാസം ആർജ്ജിച്ച അപ്രേം സമാനതകളില്ലാത്ത ആത്മീയനിറവിന്റെ ഉജ്ജ്വല ഉദാഹരണമാണ്. നിസിബിസിൽ വി. യാക്കോബിന്റെ ശിഷ്യനായിരിക്കെ കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ ആത്മീയ ചിന്താധാര അപ്രേമിന്റെ ചിന്തകളെയും കാഴ്ചപ്പാടുകളെയും രൂപപ്പെടുത്തി സഭയ്ക്ക് കൂടുതലായി ശക്തിയും അടിസ്ഥാനവും പ്രദാനം ചെയ്തു. സഭയ്ക്ക് നേരെയുള്ള ശക്തമായ വെല്ലുവിളിയെ ചർച്ച ചെയ്ത നിഖ്യാ സുന്നഹദോസിൽ വി. യാക്കോബിന്റെ നിർദ്ദേശത്താൽ ഒരു 19-കാരൻ ആയി പങ്കെടുത്ത അനുഭവം, നിരീക്ഷണം എന്നിവ ആ ചെറുപ്പക്കാരന്റെ യുവമനസ്സിൽ സഭാപഠനം, സഭാസേവനം എന്നിവയുടെ വിത്തുകൾ പാകി. കപ്പദോക്യൻ പിതാക്കന്മാരിൽ പ്രമുഖനായ വലിയ മാർ ബസേലിയോസ് എന്ന ശ്രേഷ്ഠഗുരുവിന്റെ സാമീപ്യവും ആ ഗുരുശ്രേഷ്ഠനെ നിരീക്ഷിച്ചതിൽ നിന്ന് ലഭ്യമായ അനുഭവങ്ങളും അപ്രേമിനെ ദൈവത്തിന്റെ മാർഗ്ഗത്തിലേക്ക് വഴി നടത്തിക്കൊണ്ടിരുന്നു. ശോഭയുള്ള വസ്ത്രമണിഞ്ഞ്, രത്നഖചിതമായ മസനപ്സയും മുടിയും അണിഞ്ഞ് കീഴ്സ്ഥാനികളുടെ അകമ്പടിയോടെ പള്ളിയിലേക്ക് എഴുന്നെള്ളിയ മാർ ബസേലിയൊസിനെ കണ്ട് അപ്രേം നിരാശനായി. എന്നാൽ ദൂതപരിസേവിതനായി നില്ക്കുന്ന അപ്രേമിനെ തിരിച്ചറിഞ്ഞ് തന്റടുത്തേയ്ക്ക് ക്ഷണിച്ച മാർ ബസേലിയോസ് ലാളിത്യത്തിന്റെയും എളിമയുടെയും ഒരു മഹത്തായ പാഠം മാർ അപ്രേമിന് നല്കി. പുറംകുപ്പായം ദ്യോതിപ്പിക്കുന്ന തിളക്കത്തിനും പ്രതിശ്ചായയ്ക്കും വിരുദ്ധമായ, അകത്ത് പരുപരുത്ത, ചാക്കിന് സമാനമായ പരുത്തി കൊണ്ടുള്ള വസ്ത്രം ധരിച്ച മാർ ബസേലിയോസിനെയാണ് മാർ അപ്രേം കണ്ടത്.

എഡി 337-ൽ കുസ്തന്തീനോസ് ചക്രവർത്തി മരണപ്പെട്ടതിനെ തുടർന്ന് പേർഷ്യൻ രാജാവായ സാപ്പോർ റോമിലെ കോട്ടകൊത്തളങ്ങൾ ആക്രമിച്ചപ്പോൾ കോട്ടയുടെ മുകൾ വശത്ത് നിന്ന് പ്രാർത്ഥിക്കുകയാണ് അപ്രേം ചെയ്തത്. ദൈവം നൽകിയ നിർദ്ദേശമെന്നോണം, അപ്രേമിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമെന്നോണം വണ്ടുകളും ഈച്ചകളും സൈന്യത്തെയും സൈന്യാധിപന്മാരെയും പടയാളികളെയും പൊതിയുകയും സൈന്യം പിന്തിരിഞ്ഞോടുകയും റോമൻ സൈന്യം വിജയം നേടുകയും ചെയ്തു. എലീശായുടെ വാക്കിനാൽ അഗ്നിമയമായ രഥങ്ങളും കുതിരകളും പ്രത്യക്ഷപ്പെട്ട് ആരാം രാജാവിനെതിരെ ഇസ്രായേലിനെ വിജയിപ്പിക്കുന്നതുപോലെ ദൈവപുരുഷന്മാർക്കും ദൈവസ്പർശം ലഭിച്ചവർക്കും മാത്രം ലഭിക്കുന്ന അനുഗ്രഹമായി മാർ അപ്രേമിൽ കൂടി ലഭ്യമായ ഈ അനുഗ്രഹകരമായ ഇടപെടലിനെ കാണാം

ദൈവജ്ഞാനം വെളിപ്പെടുത്തുന്ന, വിശ്വാസിക്കും അവിശ്വാസിക്കും ജ്ഞാനം പ്രദാനം ചെയ്യുന്ന അനേകം കൃതികൾ, പഠനങ്ങൾ ആദിയായവ തന്നിലൂടെ പിറന്നു എങ്കിലും അവയൊന്നും 'വെളിച്ചത്തേക്ക് പിടിക്കാതെ' അക്ഷരാർഥത്തിൽ ആ സൃഷ്ടികൾ പ്രസരിപ്പിക്കുന്ന വെളിച്ചത്തുനിന്ന് ഒളിച്ചോടുകയാണ് തന്നെ - മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തപ്പോളും - അപ്രേം ചെയ്തത്. ഇന്നത്തെ കാലത്തിന് തീർത്തും വിരുദ്ധമായ, നമ്മിൽ പലരുടെയും മുഖം അവിശ്വസനീയതയാൽ വിവർണ്ണമാക്കുന്ന ആത്മീയത ആയിരുന്നു അപ്രേമിന്റേത്! അതിനാലാണ് ലോകത്തിന് മനസ്സിലാക്കാൻ കഴിയാത്ത മറയപ്പെട്ടിരിക്കുന്ന മാണിക്യം എന്ന് വലിയ മാർ ബസേലിയോസ് അപ്രേമിനെ വിശേഷിപ്പിച്ചത്. ഇത്തരം ദൈവപുരുഷന്മാർ നമ്മുടെ സ്വന്തം ക്രിസ്തീയസഭയിൽ ജന്മം കൊണ്ടിരുന്നു, ജീവിച്ചിരുന്നു എന്ന് ഇന്നത്തെ തലമുറയ്ക്ക് പറഞ്ഞുകൊടുക്കാൻ ഇത് വായിക്കുന്ന മാതാപിതാക്കളും ഗുരുക്കന്മാരും ശ്രദ്ധിക്കും എന്ന് പ്രത്യാശിക്കുകയാണ്.

IMAGE
(Illustrate Mind Art by Grabbing an Enprint)

തോട്ടയ്ക്കാട്: മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 2024 ജനുവരി 14 ഞായറാഴ്ച കോട്ടയം ഭദ്രാസനതല ഫോട്ടോഗ്രഫി മത്സരം സംഘടിപ്പിക്കപ്പെട്ടു. വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളി ഇടവകാഗമായ ശ്രീ. ആഷ്ബി സെബിൻ കുറിയാക്കോസ് ഒന്നാം സമ്മാനമായ ശ്രീ. കുര്യൻ ജോൺ (ടിറ്റി) പ്ലാപ്പറമ്പിൽ മെമ്മോറി യൽ ട്രോഫി കരസ്ഥമാക്കി.
രണ്ടാം സമ്മാനമായ ശ്രീ. പൈലോ കളപ്പുരയ്ക്കൽ കരോട്ട് (പാടിക്കൽ) മെമ്മോറി യൽ ട്രോഫിയ്ക്ക് പാമ്പാടി സെന്റ് ജോൺസ് ചെറിയ പള്ളി ഇടവകാംഗമായ ശ്രീ. അരുൺ ടി ജോൺ അർഹനായപ്പോൾ
മൂന്നാം സമ്മാനമായ ശ്രീ. കെ.കെ സ്കറിയ ചേലമറ്റം മെമ്മോറിയൽ ട്രോഫി നിലയ്ക്കൽ പള്ളി ഇടവകാംഗമായ ശ്രീ. രോഹിത് ജി തോമസ് അർഹനായി.

നാലാം സമ്മാനമായ ശ്രീ. സി പാപ്പച്ചൻ ചക്കുംചിറയിൽ മെമ്മോറിയൽ ട്രോഫി പരിയാരം സെന്റ് പീറ്റേഴ്സ് പള്ളി ഇടവകാംഗമായ ശ്രീ ലിജിൻ സണ്ണി കരസ്ഥമാക്കി. വിജയികൾക്ക് ആത്മനാദത്തിന്റെ അഭിനന്ദനങ്ങൾ.

ഭാസുര സ്മൃതി

ഭാരത ക്രൈസ്തവ സഭയിലെ തദ്ദേശീയനായ ദ്വിതീയ പ്രഖ്യാപിത പരിശുദ്ധൻ, മലങ്കര സഭാഭാസുരൻ പരി. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ 92-ാം ഓർമ്മപ്പെരുന്നാൾ 2026 ഫെബ്രുവരി 23-ന് പരി. സഭ ആചരിക്കുന്നു. ദേശീയവും വൈദേശികവുമായ അധിനിവേശത്തിന്റെ കനൽ വഴികളിൽ അടിപതറാതെ, മലങ്കര നസ്രാണിയുടെ സ്വത്വബോധം ഊട്ടിയുറപ്പിച്ച് സ്വാതന്ത്ര്യത്തിന്റെ വാതായനങ്ങളെ തുറന്നിട്ട ഭാസുര തേജസ്സാണ് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത (1858-1934).

പരി. ഗീവറുഗീസ് ദ്വിതീയൻ ബാവാ പരിശുദ്ധന്റെ ചരമ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു: 'വലിയ നോമ്പിലെ ആദ്യ ശനിയാഴ്ചയായ ഇന്ന്, ഭൂലോക മല്പാനായ മാർ അപ്രേമിന്റെ ഓർമ്മദിവസമായ ഇന്ന് മലങ്കരയുടെ വലിയ മല്പാൻ ദിവംഗതനായിരിക്കുന്നു. നമ്മുടെ കർത്താവിനു വേണ്ടി രക്തസാക്ഷിമരണം വഹിച്ച മാർ തേവോദോറോസ് സഹദായുടെ ഓർമ്മദിവസമായ ഇന്ന് അതുപോലെയുള്ള പീഡകൾ സഭയ്ക്കുവേണ്ടി സഹിക്കുവാൻ മൗദ്യോന എന്ന നാമത്തിനു യോഗ്യനായിത്തീർന്നിരിക്കുന്ന നമ്മുടെ മെത്രാച്ചൻ കബറടക്കപ്പെടുന്നു'. ആ കബറിനു മുന്നിൽ ഇങ്ങനെ രേഖപ്പെടുത്തി '*the time will not dim his glory*' കാലത്തിനു മായിക്കാനാവാത്ത മഹത്വ മുള്ളവൻ ഗുരുക്കന്മാരും മുൻഗാ മികളുമായ പുലിക്കോട്ടിൽ തിരുമേനിയുടെയും, പരി. പരുമല തിരുമേനിയുടെയും ശിക്ഷണത്തിൽ വളർന്നുവരുകയും, അവർ തെളിച്ച സത്യവിശ്വാസത്തിന്റെ ശോഭ അഭംഗുരം കാക്കുകയും ചെയ്ത പുണ്യപുരുഷൻ. കോട്ടയം പഴയ സെമിനാരിയിൽ സുറിയാനി മല്പാനായി നിയമിക്കപ്പെട്ട പിതാവ് മതോപദേശസാരങ്ങൾ എന്ന കൃതിയിലൂടെ സഭയുടെ വിശ്വാസ തത്വങ്ങളെ ലളിതമായി പഠിപ്പിച്ചു.

വ്യവഹാരങ്ങൾക്കു നടുവിലും, പ്രാർത്ഥനയിലും നോമ്പിലും, ഉപവാസത്തിലും കൂടുതൽ കരുത്തു നേടി. ഭരണസ്വാതന്ത്ര്യവും കെട്ടുറപ്പുമുള്ള ഒരു സഭയായി മലങ്കര സഭ വളരണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. വ്യവസ്ഥാ പിതാവും സുശക്തവുമായ ഭരണസം വിധാനങ്ങൾ മലങ്കരസഭയുടെ നിലനില്പിന് ആവശ്യമെന്ന് കണ്ട് ഭരണഘടനയുടെ (1934 മലങ്കരസഭാ ഭരണഘടന) നക്കൽ രൂപീകരിച്ചു. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കര സഭയുടെ അസ്ഥിത്വം ആരുടെ മുമ്പിലും അടിയറവുവയ്ക്കില്ല എന്ന ദൃഢനിശ്ചയം അദ്ദേഹത്തിനുണ്ടായിരുന്നു.

മാർത്തോമ്മൻ നസ്രാണിയുടെ ജാത്യാഭിമാന ബോധം വരും തലമുറകളിലേക്കും പകരണമെന്ന് പരി. പിതാവിന്റെ ആഗ്രഹം നമുക്ക് മുമ്പിലുണ്ടാകട്ടെ. ഓരോ ദിവസവും അദ്ദേഹത്തിന്റെ കബറിടം സന്ദർശിച്ച് അനുഗ്രഹങ്ങൾ തേടുന്നവർ അനേകരാണ്. ഈ പുണ്യപിതാവിന്റെ ഭാസുരസ്മരണയിൽ, മദ്ധ്യസ്ഥതയിൽ നമുക്കും അഭയപ്പെടാം.

കോട്ടയം മെത്രാസന ജൂബിലി കൺവെൻഷൻ

പാമ്പാടി: കോട്ടയം മെത്രാസന ശതോത്തര സുവർണജൂബിലിയോടനുബന്ധിച്ചുള്ള ജൂബിലി കൺവെൻഷൻ 2026 ഫെബ്രുവരി 16 മുതൽ 20 വരെ
പാമ്പാടി കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് നഗറിൽ (പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ അങ്കണം) വെച്ച് നടത്തപ്പെടുന്നതാണ്.

അഖില മലങ്കര സൺഡേസ്കൂൾ ക്വിസ് മത്സരം

തോട്ടയ്ക്കാട്: മാർ അപ്രേം സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ കോട്ടയം ഭദ്രാസന സൺഡേസ്കൂൾ മുൻ ഡയറക്ടർ ബഹു. ടി ടി ചാക്കോ സാറിന്റെ സ്മരണാർത്ഥം 2026 ജനുവരി 18 ന് അഖില മലങ്കര ക്വിസ് മത്സരത്തിൽ സംഘടിപ്പിക്കപ്പെട്ടു. കൂരോപ്പട സെന്റ് ജോൺസ് സൺണ്ടേസ്കൂൾ വിദ്യാർത്ഥികളായ അജീനാ കെ. കൊച്ചുമോൻ, അശ്വിൻ വർഗീസ് എന്നിവരടങ്ങുന്ന ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. കങ്ങഴ സെന്റ് തോമസ് സൺണ്ടേസ്കൂൾ വിദ്യാർത്ഥികളായ ജെസീക്കാ മറിയം എബി, ജോവിതാ ജോബി എന്നിവർ രണ്ടാം സ്ഥാനവും പുതുപ്പള്ളി നിലയ്ക്കൽ സൺഡേസ്കൂൾ വിദ്യാർത്ഥികളായ ക്രിസ്റ്റാ സാറാ ബിനോയ്, ഹന്നാ സൂസൻ ലിബു എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

വലിയ നോമ്പ്

ക്രിസ്തീയ വർഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട പെരുന്നാളായ ഉയിർപ്പു പെരുന്നാളിന് മുമ്പുള്ള 50 ദിവസത്തെ ആത്മീയ ഒരുക്കത്തിന്റെ കാലഘട്ടത്തിലേയ്ക്ക് നാം പ്രവേശിക്കുന്നു. നമ്മുടെ രക്ഷകനോടൊപ്പമുള്ള ആത്മീയ യാത്രയായ ഈ പശ്ചാത്താപകാലത്തിന്റെ ലക്ഷ്യം ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുവിനെ കണ്ടെത്തുകയും പിതാവായ ദൈവവുമായി വീണ്ടും ഒന്നിക്കുകയും ചെയ്യുക എന്നതാണ്.

'മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്' എന്ന തിരുവചന അധ്യാപനം നമ്മെ ഓർമ്മിപ്പിക്കാനാണ് നോമ്പ് നോൽക്കുന്നത്. ശരീരത്തിന്റെ ആവശ്യങ്ങൾ ആത്മാവിന്റെ ആവശ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒന്നുമല്ല. എല്ലാറ്റിലുമുപരിയായി, നമുക്ക് ദൈവത്തെയാണ് ആവശ്യം, അവനാണ് ശരീരത്തിനും ആത്മാവിനും ആവശ്യമായതെല്ലാം നൽകുന്നത്. ആഹാരത്തിൽ നിന്നോ ചില ഭക്ഷണസാധനങ്ങളിൽ നിന്നോ നാം നോമ്പ് നോൽക്കുന്നത് പാപത്തിൽ നിന്നും തിന്മയിൽ നിന്നും നാം വിട്ടുനിൽക്കണം എന്നതിന്റെ ഓർമ്മപ്പെടുത്തലാണ്.

ഭക്ഷണത്തേക്കാൾ ഉപരിയായി പാപത്തിൽ നിന്ന് വിട്ടുനിൽക്കുന്നതാണ് പ്രധാനമെന്ന് വിശുദ്ധ ജോൺ ക്രിസോസ്റ്റം പഠിപ്പിക്കുന്നു ഉദാഹരണത്തിന്, നമ്മുടെ വായിലേക്ക് പോകുന്നത് നിയന്ത്രിക്കുന്നതിനോടൊപ്പം നമ്മുടെ വായിൽ നിന്ന് പുറത്തുവരുന്നതും (വാക്കുകൾ) നാം നിയന്ത്രിക്കണം

എല്ലാറ്റിലും പ്രധാനമായി, നാം നമ്മുടെ ചിന്തകളെ നിയന്ത്രിക്കണം. കാരണം ചിന്തകളാണ് നന്മയോ തിന്മയോ ആയ എല്ലാ പ്രവൃത്തികളുടെയും ഉറവിടം.

നോമ്പ് ഒരുക്കത്തിന്റെ ഒരു നിശബ്ദ ഘടകമാണ് പ്രാർത്ഥന. ഇതിനെ 'ദൈവത്തോടുള്ള സംഭാഷണം' എന്ന് വിളിക്കാം. ദൈവത്തോട് കൂടുതൽ അടുക്കുക എന്നതാണ് നോമ്പിന്റെ ലക്ഷ്യമെങ്കിൽ, അവനോട് കൂടുതൽ തവണ സംസാരിക്കുന്നത് അവനുമായുള്ള ബന്ധം വർദ്ധിപ്പിക്കാനുള്ള ഉത്തമ മാർഗമാണ്

വലിയ നോമ്പിന്റെ അവസാന ഘടകം ദാനധർമ്മമാണ്. നോമ്പിനെപ്പോലെ ദാനധർമ്മവും നമ്മെത്തന്നെ അച്ചടക്കമുള്ളവരാക്കാനുള്ള ഒരു വഴിയാണ് . എവർക്കും അനുഗ്രഹ പൂർണ്ണമായ നോമ്പനുഷ്ഠാനങ്ങൾ സാധ്യമാവട്ടെ.

SILENT SALUTE

റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ചുട്ടുപൊള്ളുന്ന വെയിലിലും കർത്തവ്യനിരതരായ പോലീസ് ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകിക്കൊണ്ട് തോട്ടയ്ക്കാട് മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ Silent Salute പരിപാടി സംഘടിപ്പിക്കുകയുണ്ടായി. വാകത്താനം, മണർകാട്, കോട്ടയം ഈസ്റ്റ്, വെസ്റ്റ് , ട്രാഫിക്ക് എന്നീ സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകിക്കൊണ്ട് ആദരവ് സമർപ്പണം നടത്തി. വികാരി, റവ. ഫാ.ഫീലിപ്പോസ് കെ.സി, കരുന്നാട്ട് ഉദ്ഘാടനം ചെയ്തു.
ഫാ.മാത്യു കുരുവിള, തറവട്ടത്തിൽ,മാർ അപ്രേം യുവജനപ്രസ്ഥാനം സെക്രട്ടറി ശ്രീ. ജുവൽ ജോസഫ് കുറിയാക്കോസ് എന്നിവർ സന്നിഹതരായിരുന്നു.

പ്രദക്ഷിണത്തിന് സ്വീകരണം

തോട്ടയ്ക്കാട് സെന്റ് മേരീസ് ബെത്ലഹേം ഓർത്തഡോക്സ് പള്ളിയുടെ പെരുന്നാളിനോട് അനുബന്ധിച്ചുള്ള പ്രദക്ഷിണത്തിന് മണലേൽ പീടിക ജംഗ്ഷനിൽ മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.
ഇതിനുവേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകിയ എല്ലാ പ്രിയപ്പെട്ട പ്രസ്ഥാനാംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഈ വേനലിൽ ഇത്തിരി വെള്ളം ഞങ്ങൾക്കൂടെ

തോട്ടയ്ക്കാട് മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ പരിസ്ഥിതി വിഭാഗമായ മാർ അപ്രേം നേച്ചർ ക്ലബിന്റെ ആഭിമുഖ്യത്തിൽ ദൈവാലയ പരിസരത്ത് പക്ഷികൾക്ക് കുടിനീരൊരുക്കുന്ന പരിപാടി 'ഈ വേനലിൽ ഇത്തിരി വെള്ളം ഞങ്ങൾക്കൂടെ' 2026 ജനുവരി 25 ഞായറാഴ്ച വി. കുർബാനാനന്തരം വികാരി, റവ. ഫാ.ഫീലിപ്പോസ് കെ.സി. കരുന്നാട്ട് ഉദ്ഘാടനം ചെയ്തു.

അഭിനന്ദനങ്ങൾ...

OCYM വാകത്താനം ഡിസ്ട്രിക്റ്റ് നടത്തിയ 6's ഫുട്ബോൾ ടൂർണമെന്റിൽ തോട്ടയ്ക്കാട് മാർ അപ്രേം യുവജനപ്രസ്ഥാനം രണ്ടാം സ്ഥാനം കരസ്ഥമാക്കി

പൊതുയോഗം

തോട്ടയ്ക്കാട് മാർ അപ്രേം പള്ളി പൊതുയോഗം 2026 ഫെബ്രുവരി 22 ഞായറാഴ്ച വി. കുർബാനാനന്തരം നടത്തപ്പെടുന്നതാണ്.